# ടെലികോം ടെക്നീഷ്യൻ മത്സര പരീക്ഷ ജൂലൈ 9 ന്

ടെലികോം ടെക്നീഷ്യൻ (പഴയ ടെലികോം മെക്കാനിക്ക്) കേഡറിലേക്കുള്ള ഡിപ്പാർട്ടുമെന്റൽ മത്സരപരീക്ഷ വിജ്ഞാപനം ചെയ്തു. 2017 ജൂലൈ ഒമ്പതിനാണ് പരീക്ഷ നടക്കുന്നത്. (No.Rectt/77-7/TMLDCE/2016/9 dt. 20-04-2017). ഒഴിവുകൾ താഴെപറയുംപ്രകാരമാണ്.

| SSA | അൺറിസർവ്ഡ് | SC | ST | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 230 | 11 | 60 | 301 |
| കൊല്ലം | 60 | 60 | 53 | 173 |
| പത്തനംതിട്ട | 70 | 15 | 25 | 110 |
| ആലപ്പുഴ | 75 | 25 | 32 | 132 |
| കോട്ടയം | 81 | 68 | 41 | 190 |
| എറണാകുളം | 107 | 116 | 88 | 311 |
| തൃശ്ശൂർ | 155 | 7 | 58 | 220 |
| പാലക്കാട് | 71 | 4 | 36 | 111 |
| മലപ്പുറം | 154 | 7 | 40 | 201 |
| കോഴിക്കോട് | 179 | 27 | 30 | 236 |
| കണ്ണൂർ | 97 | 32 | 47 | 176 |
| ആകെ: | 1049 | 361 | 450 | 1860 |

പരിഷ്കരിച്ച സിലബസിന്റെയും സ്കീമിന്റെയും അടിസ്ഥാനത്തിൽ എഴുത്തുപരീക്ഷയിലൂടെയാണ് വിജയികളെ നിശ്ചയിക്കുന്നത്.

| സെക്ഷൻ നമ്പർ | വിഷയം | മാക്സിമം മാർക്ക്/ ചോദ്യങ്ങളുടെ എണ്ണം |
|---|---|---|
| 1 | ജനറൽ സയൻസും മാത്തമറ്റിക്സും | 50 മാർക്ക് (ഒബ്ജക്ടീവ്) 50 ചോദ്യങ്ങൾ |
| 2 | ഡിപ്പാർട്ടുമെന്റൽ പ്രാക്ടീസസ് | 50 മാർക്ക് (ഒബ്ജക്ടീവ്) 50 ചോദ്യങ്ങൾ. |

ഒ.സി./ഒ.ബി.സി. കാൻഡിഡേറ്റുകൾക്ക് ഓരോ സെക്ഷനിലും 30 ശതമാനം വീതം മാർക്കും ആകെ 37% മാർക്കും ലഭിച്ചാൽ മാത്രമെ ക്വാളിഫൈ ചെയ്യുകയുള്ളൂ.

SC/ST വിഭാഗങ്ങൾക്ക് ഓരോ സെക്ഷനിലും 20 ശതമാനവും ആകെ മാർക്ക് 30 ശതമാനവും വേണം.

താഴെപറയുന്ന യോഗ്യതയുള്ളവർക്ക് മാത്രമെ പരീക്ഷ എഴുതാൻ അർഹതയുള്ളൂ.

1. പത്താംക്ലാസ് യോഗ്യതയുള്ള ടെലിഗ്രാഫ്മാൻ/ടെലിഗ്രാഫ് ഓവർസീയർ.
2. സർക്കിൾ/എസ്.എസ്.എ.കളിൽ ജോലിചെയ്യുന്ന പത്താംതരം പാസ്സായ ഗ്രൂപ്പ് ഡി. ജീവനക്കാർ.
3. എസ്.എസ്.എ.കളിൽ പത്താംതരം പാസ്സായ റഗുലർ മസ്ദൂർ.
4. പത്താംക്ലാസ് പാസ്സായ ടെമ്പററി സ്റ്റാറ്റസ് മസ്ദൂർ.
5. എസ്.എസ്.എൽ.സി. യോഗ്യതയുള്ള ജൂനിയർ സ്പോർട്സ് അസിസ്റ്റന്റ്.

അർഹത നിശ്ചയിക്കുന്ന തീയതി 2016 ജൂലൈ 1 ആയിരിക്കും.

ആർ.ടി.ടി.സി. തിരുവനന്തപുരത്ത് വെച്ചായിരിക്കും പരീക്ഷ നടക്കുക. 2017 ജൂൺ ഒന്നിനും ജൂൺ 24നും ഇടയിൽ നൽകുന്ന അപേക്ഷകൾ മാത്രമായിരിക്കും പരിഗണിക്കുക.

ഒ.ബി/ഒ.ബി.സി. വിഭാഗങ്ങൾക്ക് പരീക്ഷാഫീസായി 750 രൂപയും, എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് 500 രൂപയും, സർക്കിൾ/എസ്.എസ്.എ.യിലെ അക്കൗണ്ട്സ് ഓഫീസറുടെപേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്. മറ്റൊരുതരത്തിലും ഫീസ് സ്വീകരിക്കുന്നതല്ല. ഫീസടച്ചാൽ പിന്നീട് തിരിച്ച് നൽകുകയും ചെയ്യുന്നതല്ല.